Circular No.7/Gen/2020

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ


ദേവലോകം, കോട്ടയം – 686 004

Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com
for online classes: ossaebodhanam.org


## വാർഷിക പരീക്ഷയുടെയും മത്സരപ്പരീക്ഷയുടെയും ക്രമീകരണങ്ങൾ

കോവിഡ് പശ്ചാത്തലത്തിൽ നമ്മുടെ സൺഡേസ്കൂളിന്റെ ഈ വർഷത്തെ പരീക്ഷകൾ Online ആയി നടത്തുന്ന വിവരം നേരത്തെതന്നെ അറിയിച്ചിട്ടുള്ളതാണല്ലോ. പരീക്ഷാക്രമീകരണങ്ങളുടെ വിശദ വിവരങ്ങൾ ഇതോടൊപ്പം അറിയിക്കുന്നു.

### PART I

മൊബൈൽ ഫോൺ ഉപയോഗിച്ച് പരീക്ഷയിൽ പങ്കെടുക്കുന്നത് സൗകര്യപ്രദമായതുകൊണ്ട് വിദ്യാർത്ഥികൾ മൊബൈലിലെ playstore ൽനിന്നും ossaeexam എന്ന app ഡൗൺലോഡ് ചെയ്ത് നേരത്തെ തന്നെ തയ്യാറായിരിക്കണം. ക്ലാസ്ടീച്ചറിന്റെ Whatsapp number ഇതേ ഫോണിൽ save ചെയ്തിരിക്കണം. സൺഡേസ്കൂൾ Code ഉം വിദ്യാർത്ഥികളുടെ Register number ഉം ഉത്തരകടലാസ്സിൽ രേഖപ്പെടുത്തേണ്ടതുകൊണ്ട് അതു മുന്നമേ അറിഞ്ഞിരിക്കണം.

Part III-ൽ കൊടുത്തിരിക്കുന്ന പരീക്ഷാ ടൈംടേബിൾ അനുസരിച്ച് അതാതു ക്ലാസ്സിലെ വിദ്യാർത്ഥികൾ നിർദ്ദിഷ്ടസമയത്തിനു 10 മിനിട്ട് മുമ്പുതന്നെ app തുറന്ന് തയ്യാറായിരിക്കണം. നിർദ്ദിഷ്ട സമയം മുതൽ 30 മിനിറ്റ് വരെ പരീക്ഷയിൽ ചേരാൻ സമയം ലഭിക്കും. പരീക്ഷ ആരംഭിക്കുന്ന സമയം മുതൽതന്നെ ഓരോ ക്ലാസ്സിനും ക്രമീകരിച്ചിരിക്കുന്ന പൂർണ സമയം വിദ്യാർത്ഥിക്ക് ലഭ്യമാക്കുന്നതാണ്. (ഉദാഹരണത്തിന്, 10.30 ന് ആരംഭിക്കുന്ന 5-ാം ക്ലാസ്സിലെ പരീക്ഷയ്ക്ക് വിദ്യാർത്ഥിക്ക് 10.30 മുതൽ 11 മണിവരെ പരീക്ഷയ്ക്ക് join ചെയ്യാവുന്നതാണ്. Join ചെയ്യുന്ന സമയം മുതൽ 1 മണിക്കൂർ സമയം ലഭ്യമാകും.) പരീക്ഷ ആരംഭിക്കുന്നതിന് വിദ്യാർത്ഥികൾ ossaeexam app തുറന്ന് താഴെപ്പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തണം.

- ഭാഷ Malayalam/English തെരഞ്ഞെടുക്കുക.
- ക്ലാസ് Select ചെയ്യുക.
- School Code എഴുതിച്ചേർക്കുക
- Register Number എഴുതിച്ചേർക്കുക.

ഇതിനുശേഷം start button ക്ലിക്ക് ചെയ്യുമ്പോൾ ചോദ്യങ്ങൾ ഒന്നിനു പുറകെ ഒന്നായി തുറന്നുവരും. ഓരോ ചോദ്യത്തിനും ഉത്തരം അടയാളപ്പെടുത്തിയശേഷം Next ക്ലിക്ക് ചെയ്യുമ്പോൾ അടുത്ത ചോദ്യം വരും. പരീക്ഷ എഴുതിക്കഴിഞ്ഞാൽ വിദ്യാർത്ഥിക്കു Submit ചെയ്യാം. (നിശ്ചിതസമയത്തിനുള്ളിൽ വിദ്യാർത്ഥി submit ചെയ്തില്ലെങ്കിലും എഴുതിക്കഴിഞ്ഞ ഉത്തരങ്ങൾ സമയം അവസാനിക്കുമ്പോൾ സ്വയം submit ചെയ്യപ്പെടും.)

തുടർന്ന് Finish Button ക്ലിക്കു ചെയ്താൽ വിദ്യാർത്ഥികൾക്കു അവരുടെ Grade/Mark അറിയാം.

5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷയ്ക്ക് പരീക്ഷ കഴിഞ്ഞതിനുശേഷം വിദ്യാർത്ഥികൾ Screen ന്റെ മുകളിൽ കാണുന്ന SHARE RESULT ക്ലിക്കു ചെയ്ത് Result തങ്ങളുടെ ക്ലാസ് ടീച്ചർക്ക് whatsapp ഉപയോഗിച്ച് share ചെയ്യുക.

A, A+ Grade വാങ്ങിയവർക്കു മത്സരപ്പരീക്ഷയിൽ പങ്കെടുക്കാം

### PART II

#### മത്സരപ്പരീക്ഷ എഴുതുന്നവരുടെ ശ്രദ്ധയ്ക്ക്

മത്സരപ്പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കുശേഷം റിസൽറ്റ് ഇൻസ്പെക്ടർക്ക് വാട്ട്സ്ആപ്പ് ചെയ്യണം. ഇതിനുവേണ്ടി ഈ വിദ്യാർത്ഥികൾ ഇൻസ്പെക്ടറുടെ നമ്പർ Mobile ൽ save ചെയ്തിരിക്കണം. മറ്റു ക്രമീകരണങ്ങൾ Part 1 -ൽ ഉള്ളതുതന്നെ.

#### 10, 11, 12 എന്നീ പരീക്ഷകൾ എഴുതുന്നവർ ശ്രദ്ധിക്കുക

10, 11, 12 എന്നീ പൊതുപരീക്ഷകൾ എഴുതുന്നവർ റിസൽറ്റ് ossaeexam@gmail.com എന്ന മെയിലിലേക്ക് ഷെയർ ചെയ്യണം. മെയിൽ അയക്കുമ്പോൾ by default വരുന്ന subject എഡിറ്റ് ചെയ്യരുത് എന്നത് ശ്രദ്ധിക്കുക. ഈ റിസൽട്ട് വിദ്യാർത്ഥികൾ ക്ലാസ് ടീച്ചർക്ക് വാട്ട്സ്ആപ്പ് ചെയ്യുകയും വേണം.

12-ാം ക്ലാസ് റെഗുലർ വിദ്യാർത്ഥികളായി പരീക്ഷ എഴുതുന്നവരുടെ യഥാർത്ഥ ഗ്രേഡ് 11-ാം ക്ലാസ്സിലെ മാർക്കുകൂടി ഉൾപ്പെടുത്തിയശേഷം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. 12-ാം ക്ലാസ് വിദ്യാർത്ഥികൾ Regular/Private ശ്രദ്ധയോടെ സെലക്ട് ചെയ്യുക.

#### ശ്രദ്ധിക്കുക

പരീക്ഷയ്ക്ക് ഒരു വിദ്യാർത്ഥി ഉപയോഗിച്ച ഫോൺതന്നെ മറ്റൊരു കുട്ടി വീണ്ടും ഉപയോഗിക്കുന്നു എങ്കിൽ Clear Result and start new എന്നു ക്ലിക്കു ചെയ്തശേഷം മാത്രം ഉപയോഗിക്കുക.

എല്ലാ ഓൺലൈൻ പരീക്ഷകളും കുട്ടികൾക്കു ഭവനത്തിൽ ഇരുന്നുതന്നെ പങ്കെടുക്കുവാനാണ് ക്രമീകരിച്ചിരിക്കുന്നത്. Covid - 19 പശ്ചാത്തലത്തിൽ ഏതെങ്കിലും സ്ഥലത്തു കൂടിവരുന്നത് അസൗകര്യമാണെന്നു ബഹു. ഡയറക്ടർമാർ അറിയിച്ചിട്ടുള്ള പശ്ചാത്തലത്തിലാണ് ഈ ക്രമീകരണം ചെയ്തിരിക്കുന്നത്. എന്നാൽ ഏതെങ്കിൽ സെന്ററിൽ വച്ചു പരീക്ഷ നടത്തണമെങ്കിൽ ഭദ്രാസന ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ Covid protocol പാലിച്ച് നടത്താവുന്നതാണ്. കുട്ടികൾ ദൈവമുൻപാകെ വിശ്വസ്തതയോടെ പരീക്ഷയിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പു വരുത്തണം.

## PART III

### വാർഷിക പരീക്ഷ ടൈംടേബിൾ

**20-12-2020**

| | |
|---|---|
| Class 5 | 10.30 a.m. (11 മണിവരെ join ചെയ്യാം. Join ചെയ്യുന്നതു മുതൽ 1 മണിക്കൂർ ) |
| Class 6 | 1 p.m. (1.30 മണിവരെ join ചെയ്യാം. Join ചെയ്യുന്നതു മുതൽ 1 മണിക്കൂർ ) |
| Class 7 | 3.30 pm (4 മണിവരെ join ചെയ്യാം. Join ചെയ്യുന്നതു മുതൽ 1 മണിക്കൂർ ) |

**27-12-2020**

| | |
|---|---|
| Class 8 | 10.30 a.m. (11 മണിവരെ join ചെയ്യാം. Join ചെയ്യുന്നതു മുതൽ 1 മണിക്കൂർ ) |
| Class 9 | 2 p.m. (2.30 മണിവരെ join ചെയ്യാം. Join ചെയ്യുന്നതു മുതൽ 1 മണിക്കൂർ ) |

### മത്സരപ്പരീക്ഷ ടൈംടേബിൾ

Class 5, 6, 7, 8, 9  10-1-2021  10.30 a.m. (11 മണിവരെ join ചെയ്യാം. Join ചെയ്യുന്നതു മുതൽ 1 മണിക്കൂർ )
Class 10  10-1-2021  1 p.m. (1.30 മണിവരെ join ചെയ്യാം. Join ചെയ്യുന്നതു മുതൽ 1 മണിക്കൂർ )
Class 11, 12  10-1-2021  3.30 p.m. (4 മണിവരെ join ചെയ്യാം. Join ചെയ്യുന്നതു മുതൽ 50 മിനിട്ട്, 12 Private വിദ്യാർത്ഥികൾക്ക് 90 മിനിട്ട് )

നേരത്തെ അറിയിച്ച സമയക്രമങ്ങൾക്കു മാറ്റം വരുത്തിയത് പ്രായോഗിക ബുദ്ധിമുട്ടുകളും സാങ്കേതിക സൗകര്യങ്ങളും പരിഗണിച്ചാണ്. 10,11,12 ക്ലാസ്സുകളിൽ Non-detailed ഭാഗങ്ങൾ പൂർണമായും പഠിക്കണം എന്നത് ശ്രദ്ധിക്കുക

### Offline പരീക്ഷ

ഏതെങ്കിലും കാരണവശാൽ ഓൺലൈൻ പരീക്ഷ എഴുതുവാൻ അസൗകര്യം ഉണ്ടെങ്കിൽ അങ്ങനെയുള്ളവരുടെ വിശദവിവരങ്ങൾ ഡിസ്ട്രിക്ട് അടിസ്ഥാനത്തിൽ ഡയറക്ടർ കേന്ദ്രത്തിലേക്ക് December 10 നു മുൻപ് അറിയിച്ചാൽ ആവശ്യമായ ചോദ്യപേപ്പർ ലഭ്യമാക്കുന്നതാണ്. Online പരീക്ഷ നടക്കുന്ന അതേ സമയം ഇൻസ്പെക്ടർമാർ പ്രസ്തുത പരീക്ഷകൾ ഏതെങ്കിലും കേന്ദ്രത്തിൽവച്ച് ഡയറക്ടറുടെ അറിവോടെ നടത്തണം. Offline പരീക്ഷകൾ കൃത്യസമയത്ത് ആരംഭിക്കുകയും കൃത്യസമയത്ത് അവസാനിക്കുകയും വേണം. (5 മുതൽ 10 വരെ ക്ലാസ്സുകൾക്ക് 1 മണിക്കൂർ സമയം, 11, 12 റഗുലർ എന്നിവർക്ക് 50 മിനിട്ട്, 12 പ്രൈവറ്റ് 90 മിനിട്ട്.) Offline വാർഷികപരീക്ഷയുടെ ഉത്തരകടലാസ്സുകൾ യൂണിറ്റുകളിൽത്തന്നെ പരിശോധിച്ച് A/A+ ലഭിക്കുന്നവരുടെ പേരുകൾ ഇൻസ്പെക്ടർക്ക് അയച്ചുകൊടുക്കണം. മത്സരപരീക്ഷയിലും 10,11,12 ക്ലാസ്സുകളിലെ പൊതുപരീക്ഷയിലും Offline ആയി പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും ഉത്തരകടലാസ്സുകൾ ഇൻസ്പെക്ടർ കേന്ദ്രത്തിലേക്ക് അയച്ചുതരേണ്ടതാണ്.

**അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്:** പരീക്ഷ നടത്തുന്ന രീതിയെക്കുറിച്ച് ഹെഡ്മാസ്റ്ററും അധ്യാപകരും കൂടി ആലോചിച്ച് വിശദാംശങ്ങൾ മനസ്സിലാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ കുട്ടികൾക്കു നൽകുകയും വേണം. 5 മുതൽ 9 വരെയുള്ള വാർഷികപരീക്ഷ റിസൽട്ട് ഏത് അധ്യാപകന് അയച്ചുകൊടുക്കണമെന്ന് തീരുമാനിച്ച് കുട്ടികളെ അറിയിക്കണം. പരീക്ഷ കഴിഞ്ഞ് 5 മിനിട്ടിനുള്ളിൽ വിദ്യാർത്ഥികളുടെ റിസൽട്ട് ലഭിച്ചു എന്ന് അതാത് അധ്യാപകർ ഉറപ്പുവരുത്തണം.

വാർഷികപരീക്ഷയുടെ റിസൽട്ട് കുട്ടികളിൽനിന്നും ലഭിച്ചാലുടൻ A, A+ Grade ലഭിച്ചവരുടെ Result Format ഉം അവരുടെ ലിസ്റ്റും അധ്യാപകർ ഹെഡ്മാസ്റ്റർക്ക് അയച്ചുകൊടുക്കുകയും ഹെഡ്മാസ്റ്റർ അത് ഇൻസ്പെക്ടർക്ക് ഉടൻതന്നെ അയക്കുകയും ചെയ്യണം. കയും ചെയ്യണം. മത്സരപരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ Mobile Phone ൽ ഇൻസ്പെക്ടറുടെ whatsapp number ഉം Save ചെയ്തിരിക്കണം.

### ഇൻസ്പെക്ടേഴ്സ്

മത്സരപരീക്ഷയുടെ റിസൽറ്റ് കുട്ടികളിൽനിന്നും ലഭിച്ചാലുടൻ അവർ വാർഷികപ്പരീക്ഷയ്ക്ക് A or A+ Grade നേടിയവരാണോ എന്നു പരിശോധിച്ചശേഷം മത്സരപ്പരീക്ഷയ്ക്ക് A+ ലഭിച്ച കുട്ടികളുടെ റിസൽറ്റ് **ossaece@gmail.com** എന്ന വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യണം. ഇൻസ്പെക്ടർ ഇ-മെയിൽ subject-ൽ ഡിസ്ട്രിക്ടും ഭദ്രാസനവും നിർബന്ധമായും എഴുതിയിരിക്കണം.

എല്ലാ ലിസ്റ്റുകളും അതാതു തലങ്ങളിൽ സൂക്ഷിക്കണം എന്നു പറയേണ്ടതില്ലല്ലോ.

ഈവക പ്രവർത്തനങ്ങൾക്ക് IT Co-ordinater ഉണ്ടെങ്കിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തണം. ഏതു സംശയത്തിനും നിങ്ങളുടെ ഡയറക്ടർമാരുമായി ബന്ധപ്പെടുക.

## PART V

**Model Examination:** വിദ്യാർത്ഥികളെ പുതിയ രീതിയുമായി പരിചയപ്പെടുത്തുവാൻ മാതൃകാപരീക്ഷകൾ നടത്തുന്നുണ്ട്. 8, 9, 11, 12 എന്നീ ക്ലാസ്സുകളിലെ മോഡൽ പരീക്ഷ 29-11-2020 ഞായറാഴ്ചയും 5, 6, 7, 10 എന്നീ ക്ലാസ്സുകളിലെ മോഡൽ പരീക്ഷ 06-12-2020 ഞായറാഴ്ചയും നടത്തുവാനാണ് ക്രമീകരിച്ചിരിക്കുന്നത്. മോഡൽ പരീക്ഷയിലും Part I & II ലെ ക്രമീകരണങ്ങൾ ഉപയോഗിക്കുക.

| | | | | | |
|---|---|---|---|---|---|
| **29-11-2020 ഞായർ** | ക്ലാസ് 8 | 10.30 a.m. | **06-12-2020 ഞായർ** | ക്ലാസ് 5 | 10.30 a.m. |
| | ക്ലാസ് 9 | 1 p.m. | | ക്ലാസ് 6 | 1 p.m. |
| | ക്ലാസ് 11, 12 | 3.30 p.m. | | ക്ലാസ് 7 | 3.30 p.m. |
| | | | | ക്ലാസ് 10 | 5.30 p.m |

ദേവലോകം
10-11-2020

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ